**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3432** **14-07-2022 - ൽ മറുപടിയ്ക്ക്**

**ജൈവ വൈപ്പിൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ കാർഷിക മേഖലക്കും മത്സ്യമേഖലക്കും ഉപകാരപ്രദമാവുമായിരുന്ന നബാർഡ് ആർ.ഐ.ഡി.എഫ്. XX-ൽ ഉൾപ്പെട്ട ജൈവ വൈപ്പിൻ പദ്ധതിയുടെ ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി എന്നാണ് അവസാനിച്ചത്; | (എ) | നബാർഡ് RIDF XX -ന്റെ ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി 31/03/2022 ൽ അവസാനിച്ചു. |
| (ബി) | ഈ പദ്ധതിക്ക് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ സി.ആർ.ഇസഡ്. ക്ലിയറൻസ് എന്നാണ് ലഭ്യമായത്; | (ബി) | കേരള തീരദേശ പരിപാലന അതോറിറ്റിയുടെ 16/12/2021 ലെ 118-ാം നമ്പർ മീറ്റിംഗിലാണ് CRZ ക്ലിയറൻസ് ലഭ്യമായത്. |
| (സി) | സി.ആർ.ഇസഡ്. ക്ലിയറൻസ് ലഭ്യമാകുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | ജൈവ വൈപ്പിൻ പദ്ധതിയിൽ ഉൾപ്പെട്ട വീരംപുഴയുടെയും 9 അനുബന്ധ തോടുകളുടേയും എക്കൽ മാറ്റി ആഴം കൂട്ടുന്ന പദ്ധതിയുടെ ടെണ്ടറിംഗ് നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രവൃത്തികൾ പുരോഗമിക്കവേ സ്ഥലവാസികളായ രണ്ട് പേർ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ഇവരുടെ പരാതിയുടെ അടിസ്ഥാനത്തിൽ ബഹു. ഫോർട്ട് കൊച്ചി സബ് കളക്ടറുടെ നടപടിക്രമത്തിലൂടെ വീരംപുഴയുടെ എക്കൽ മാറ്റുന്ന പ്രവൃത്തി നിർത്തി വയ്ക്കുവാൻ 09/05/2016ൽ സ്റ്റോപ് മെമ്മോ ലഭിക്കുകയുണ്ടായി. ആയതിന്മേൽ പ്രവൃത്തികൾ തുടർന്നു കൊണ്ടുപോകുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ട് 31/05/2016ൽ KCZMA-യ്ക്ക് കത്ത് നൽകിയിരുന്നു.<br><br>16/05/2017-ൽ National Centre For Earth Science Studies (NCESS) മുഖാന്തിരം പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായുള്ള പഠനം നടത്തുകയും, 25/01/2018-ൽ സ്റ്റാറ്റസ് റിപ്പോർട്ടുകൾ, മാപ്പുകൾ എന്നിവ അടങ്ങിയ റിപ്പോർട്ട് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ KCZMA യെ ബന്ധപ്പെടുകയും, KCZMAയുടെ |

| | | | |
|---|---|---|---|
| | | | 09/05/2019 ലെ മീറ്റിംഗ് മിനിറ്റ്സ് പ്രകാരം Environmental Impact Assessment (EIA), EMP പഠനങ്ങൾ KITCO മുഖാന്തിരം നടത്തി State Environmental Impact Assessment Authority (SEIAA)മുമ്പിൽ അവതരിപ്പിച്ച് അനുമതി നേടിയിരുന്നു. എന്നാൽ പാരിസ്ഥിതികാനുമതി നേടാനാവാത്തതിനാൽ ഈ പദ്ധതി ഡ്രോപ് ചെയ്യുവാൻ ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 19/02/2020-ൽ കൂടിയ ഉന്നതതല യോഗത്തിൽ തീരുമാനിച്ചിരുന്നു.<br><br>ഇതിനിടെ Kerala Coastal Zone Management Authorityയുടെ നടപടിക്രമങ്ങൾ KITCO മുഖാന്തിരം കെ.എൽ.ഡി.സി. തുടരുകയും; 16/12/2021-ൽ നടന്ന KCZMAയുടെ 118-ാമത് മീറ്റിംഗിന്റെ മിനിറ്റ്സ് പ്രകാരം ചില നിബന്ധനകൾക്ക് വിധേയമായി പ്രവൃത്തികൾ പുനഃരാരംഭിക്കുന്നതിനുള്ള അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | 05.06.2020 ന് കേരള തീരദേശ പരിപാലന അതോറിറ്റിക്ക് മുൻപാകെ പാരിസ്ഥിതികാനുമതിക്ക് ആവശ്യമായ റിപ്പോർട്ടുകൾ അവതരിപ്പിക്കപ്പെട്ടിട്ടും തുടർ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (ഡി) | ജൈവ വൈപ്പിൻ പദ്ധതിയിൽ ഉൾപ്പെട്ട വീരംപുഴയുടെയും 9 അനുബന്ധ തോടുകളുടേയും എക്കൽ മാറ്റി ആഴം കൂട്ടുന്ന പദ്ധതിയുടെ ടെണ്ടറിംഗ് നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രവൃത്തികൾ പുരോഗമിക്കവേ സ്ഥലവാസികളായ രണ്ട് പേർ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ഇവരുടെ പരാതിയുടെ അടിസ്ഥാനത്തിൽ ബഹു. ഫോർട്ട് കൊച്ചി സബ് കളക്ടറുടെ നടപടിക്രമത്തിലൂടെ വീരംപുഴയുടെ എക്കൽ മാറ്റുന്ന പ്രവൃത്തി നിർത്തി വയ്ക്കുവാൻ 09/05/2016ൽ സ്റ്റോപ് മെമ്മോ ലഭിക്കുകയുണ്ടായി. ആയതിന്മേൽ പ്രവൃത്തികൾ തുടർന്നു കൊണ്ടുപോകുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ട് 31/05/2016ൽ KCZMA-യ്ക്ക് കത്ത് നൽകിയിരുന്നു.<br><br>16/05/2017-ൽ National Centre For Earth Science Studies (NCESS) മുഖാന്തിരം പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായുള്ള പഠനം നടത്തുകയും, 25/01/2018-ൽ സ്റ്റാറ്റസ് റിപ്പോർട്ടുകൾ, മാപ്പുകൾ എന്നിവ അടങ്ങിയ റിപ്പോർട്ട് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ KCZMA യെ ബന്ധപ്പെടുകയും, KCZMAയുടെ 09/05/2019 ലെ മീറ്റിംഗ് മിനിറ്റ്സ് പ്രകാരം Environmental Impact Assessment (EIA), EMP പഠനങ്ങൾ KITCO മുഖാന്തിരം നടത്തി State Environmental Impact Assessment |

| | | | |
|---|---|---|---|
| | | | Authority (SEIAA)മുമ്പിൽ അവതരിപ്പിച്ച് അനുമതി നേടിയിരുന്നു. എന്നാൽ പാരിസ്ഥിതികാനുമതി നേടാനാവാത്തതിനാൽ ഈ പദ്ധതി ഡ്രോപ് ചെയ്യുവാൻ ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 19/02/2020-ൽ കൂടിയ ഉന്നതതല യോഗത്തിൽ തീരുമാനിച്ചിരുന്നു.<br><br>ഇതിനിടെ Kerala Coastal Zone Management Authorityയുടെ നടപടിക്രമങ്ങൾ KITCO മുഖാന്തിരം കെ.എൽ.ഡി.സി. തുടരുകയും; 16/12/2021-ൽ നടന്ന KCZMAയുടെ 118-ാമത് മീറ്റിംഗിന്റെ മിനിറ്റ്സ് പ്രകാരം ചില നിബന്ധനകൾക്ക് വിധേയമായി പ്രവൃത്തികൾ പുനഃരാരംഭിക്കുന്നതിനുള്ള അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | 36 കോടി രൂപയുടെ പ്രസ്തുത പദ്ധതി നഷ്ടപ്പെടുവാനുള്ള കാരണം സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; | (ഇ) | RIDF XX-ൽ ഉൾപ്പെട്ട പദ്ധതികളുടെ നിർവ്വഹണ കാലാവധി 31.3.2022-ൽ NABARD അവസാനിപ്പിച്ചതിനാൽ ടി പ്രവൃത്തി പുനഃരാരംഭിക്കാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്. |
| (എഫ്) | ഇല്ലെങ്കിൽ വൈപ്പിൻ കരയെന്ന ദ്വീപ് മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾ അടക്കമുള്ള സാധാരണ ജനവിഭാഗം അനുഭവിച്ചു കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ടി പദ്ധതി നഷ്ടമായത് സംബന്ധിച്ച് അന്വേഷണം നടത്തി ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ? | (എഫ്) | RIDF XX-ൽ ഉൾപ്പെട്ട പദ്ധതികളുടെ നിർവ്വഹണ കാലാവധി 31.3.2022-ൽ NABARD അവസാനിപ്പിച്ചതിനാൽ ടി പ്രവൃത്തി പുനഃരാരംഭിക്കാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ